...11.1.22
28/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.375(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.8301/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജേക്കബ് തോമസ്,
വടക്കേടത്ത്, പാലപ്ര,
വേങ്ങത്താനം പി.ഒ., കോട്ടയം-12
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്,
ജില്ലാ പോലീസ് ഓഫീസ്, കോട്ടയം
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 27.07.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 30.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.08.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 12.10.2021 |
| ഹീയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജേക്കബ് തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും

ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി കമ്മീഷൻ സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരൻ 29.03.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് ക്രൈം റിക്കാർഡ് ബ്യൂറോയിൽ ജേക്കബ് തോമസ് മകൻ വി.ജെ. ജേക്കബ് നേരിട്ട് എത്തി മൊഴി നൽകി എന്നും ആയത് സംബന്ധിച്ച് ടിയാന്റെ കണ്ടെത്തലുകളുടെ സംഗ്രഹം വിശദമായി നൽകണമെന്നും ക്രൈം റിക്കാർഡ് ബ്യൂറോയിൽ മേധാവി നേരിട്ട് സ്ഥലം സന്ദർശിച്ച് രേഖപ്പെടുത്തിയ മൊഴികളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ സംഗ്രഹവും വിശദമായ വിവരവും നൽകണമെന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ടി അപേക്ഷയിന്മേൽ എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 12.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച നമ്പർ ജി–410014/2020 പ്രകാരമുള്ള പരാതിയിന്മേൽ കോട്ടയം ഡി.സി.ആർ.ബി, ഡി.വൈ.എസ്.പി മുഖാന്തിരം അന്വേഷണം നടത്തിയിട്ടുള്ളതും ടി ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നം. 454/2014/U/S294(b), 447,427, 323, 324, 34 IPC പ്രകാരമുള്ള കേസിന്റെ തുടരന്വേഷണം നടത്തുന്നതിന് കാഞ്ഞിരപ്പള്ളി ഇൻസ്പെക്ടർ SHO-യെ ചുമതലപ്പെടുത്തിക്കൊണ്ട് ടി ഓഫീസിലെ ഉത്തരവ് നമ്പർ D2-22861/2020/K dtd.27/03/2020 പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ തുടരന്വേഷണത്തിനായി IP SHO കാഞ്ഞിരപ്പള്ളിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ആയതിനാൽ ടിയാൻ നൽകിയ അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം അനന്തര നടപടികൾക്കായി IPSHO കാഞ്ഞിരപ്പള്ളിക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്നും ടി വിവരം ഹർജികക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 29.03.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നാണ് ഹർജികക്ഷി കമ്മീഷനിൽ ബോധിപ്പിച്ചത്. എന്നാൽ എതിർകക്ഷി ടിയാൻ നൽകിയ അപേക്ഷ വിവരാവകാശ നിയമത്തിലെ വകുപ്പ് 6(3) പ്രകാരം അനന്തര നടപടികൾക്കായി IPSHO കാഞ്ഞിരപ്പള്ളിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ടി വിവരം ഹർജികക്ഷിയെ അറിയിച്ചിട്ടുള്ളതാണെന്നും ഹിയറിംഗിൽ മൊഴി നൽകി. IPSHO എതിർകക്ഷിക്ക് ആയതിലേക്കുള്ള മറുപടി വിവരങ്ങൾ അയച്ചു കൊടുത്ത രേഖകൾ കമ്മീഷൻ മുമ്പാകെ 12.10.2021 ൽ ഹാജരാക്കിയ റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഹർജികക്ഷിക്ക് ടി വിവരങ്ങൾ ലഭ്യമാക്കിയതിന്റെ പകർപ്പുകൾ യാതൊന്നും കമ്മീഷനിൽ ഹാജരാക്കിയതായി കാണുന്നില്ല. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും മേപ്പടി രേഖകൾ ഒരിക്കൽ കൂടി ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകി ടി വിവരം കമ്മീഷനിൽ അറിയിക്കേണ്ടതാണ് എന്നു ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)